# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T1237** **31.10.2019 ൽ മറുപടിക്ക്**

## തലപ്പാടി മുതൽ ചെർക്കളം വരെയുള്ള എൻ.എച്ച്.-ന്റെ പ്രവൃത്തി

**ചോദ്യം**
**ശ്രീ.കെ.കുഞ്ഞിരാമൻ**

(എ) കാസർഗോഡ് ജില്ലയിൽ തലപ്പാടി മുതൽ ചെർക്കളം വരെയുള്ള എൻ.എച്ച്. അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തിക്ക് സ്ഥലം ഏറ്റെടുത്ത വകയിൽ നാളിതുവരെയായി സ്ഥലം ഉടമകൾക്ക് എത്ര തുക നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) നിശ്ചിത നഷ്ടപരിഹാര തുക കൂടിപ്പോയി എന്ന എൻ.എച്ച്. അതോറിറ്റിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ സ്ഥലം ഉടമസ്ഥർക്ക് തുക നൽകാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഏതൊക്കെ വില്ലേജുകളിലെ സ്ഥലം ഉടമസ്ഥർക്കാണ് തുക നൽകാനുള്ളത്; വിശദാംശങ്ങൾ നൽകാമോ;

(ഡി) തർക്കം പരിഹരിച്ച് സ്ഥലം ഉടമകൾക്ക് നഷ്ടപരിഹാരതുക നൽകി സ്ഥലം ഏറ്റെടുത്ത് പ്രവൃത്തി എന്ന് തുടങ്ങാനാവും; വിശദമാക്കാമോ?

**മറുപടി**
**ശ്രീ.ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) കാസർഗോഡ് ജില്ലയിലെ തലപ്പാടി മുതൽ ചെർക്കളം വരെയുള്ള ദേശീയപാത വികസന പ്രവൃത്തികൾക്കായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ 258 കോടി രൂപ അനുവദിച്ചു. പ്രസ്തുത ഭാഗത്തെ ഭൂവുടമകൾക്ക് നഷ്ടപരിഹാരമായി 129.63 കോടി രൂപ CALA നൽകിയിട്ടുണ്ട്.

(ബി) (സി) & (ഡി) നിശ്ചിത നഷ്ടപരിഹാര തുക കൂടിപോയി എന്ന നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ പരാതിയുടെ അടിസ്ഥാനത്തിൽ സ്ഥലഉടമകൾക്ക് തുക നൽകാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സെക്ഷൻ ഓഫീസർ**